# പതംഗ്



## ലിറ്റിൽ കൈറ്റ്സ്.

ജിവി.എച്ച്.എസ്സ്.എസ്സ്.കാർത്തികപുരം

ഡിജിറ്റൽ മാഗസിൻ -2019

ഇതളുകൾ വിരിയുമ്പോൾ..........


| | | | |
|---|---|---|---|
| 1. തിരുത്തൽവാദി | - | ഡീന ജോൺ, സമ്പാ-ഫാത്തിമത് സഫ | 5 |
| 2. വിദ്യാലയം | - | ഡിനി.പി സി ,സമ്പാ-അൽമ ബിനോയി | 6 |
| 3. മരണം | - | എലിസബത്ത് മനോജ് | 7 |
| 4. മദ്യത്തിൻ പിടിയിൽ | - | നയന കെ മുരളി | 8 |
| 5. വാർദ്ധക്യം | - | അഭിമന്യൂ പി എം | 9 |
| 6. അമ്മതൻ പാൽപുഞ്ചിരി | - | ഹിബ കെ എ | 10 |
| 7. ഓർമ്മകൾ | - | ഷിഫാന റ്റി എസ് | 11 |
| 8. എന്റെ ഓർമ്മക്കാലം | - | സൂര്യ എ കെ | 12 |
| 9. അക്വേറിയത്തിലെ മത്സ്യങ്ങൾ | - | ആകാശ് എൻ. എസ് | 13 |
| 10.ഇതാണ് സ്നേഹം | - | ഷിബിൻ ലൂക്കോസ് | 14 |
| 11.ചങ്ങാതി | - | ആദർശ്.കെ എ | 15 |
| 12.പുലിയ്ക്കു പറ്റിയ അക്കിടി | - | വിനില പി | 16 |
| 13.സ്വർഗ്ഗഭൂമി | - | അക്ഷയ് പ്രകാശ് | 17 |
| 14.പുലിയുടെ കെണി | - | ആനന്ദ് എൻ എസ്. | 18 |
| 15.ഉദ്യാനം | - | ആഞ്ചലോസ് ബിജൂ | 19 |
| 16.മൂന്നു കൂട്ടുകാർ | - | വൈശാഖ്മോൻ വി | 20 |
| 17.മഴയുടെ വികൃതി | - | അശ്വിൻ എസ് | 21 |
| 18.സൗഹൃദം | - | ഷബ്ന പി എ | 22 |
| 19.മിന്നാമിനുങ്ങ് | - | ഷൈബിൻ അഗസ്റ്റിൻ | 24 |
| 20.പാഠം പഠിച്ചേ | - | ജോസ്ന ബിജൂ | 25 |

| | | | |
|---|---|---|---|
| 21.പ്രകാശം | - | അനുമോൾ എ.ആർ | 26 |
| 22.തെരുവ് | - | അൻജിത്ത് വി കെ | 27 |
| 23.പുഴ | - | ജിഷ്ണു പി എസ് | 28 |
| 24. വ്യാപി | - | ജിതിൻ കെ ബി | 29 |
| 25.ആലീസും കുഞ്ഞാടും | - | പിങ്കി ബി ജോസഫ് | 31 |
| 26.വിദ്യാലയവും സൗഹൃദവും | - | ഷിബിൻ സുരേഷ് | 32 |
| 27.ചങ്ങാതി | - | അമൽഅഗസ്റ്റിൻ | 34 |
| 28.നടപ്പാതകൾ | - | ജെയിൻ ജോസ് | 35 |
| 29.ചുവടുകൾ | - | സെബിൻ ഫ്രാൻസീസ് | 38 |

# പത്രാധിപക്കുറിപ്പ്

കൂട്ടുകാരുടെ കുരുന്നുഭാവനകൾ

കഥകളായി,കവിതകളായി,കുറിപ്പുകളായി
പിറന്നുവീഴാനൊരിടം-"പതംഗ്"

കാർത്തികപുരം ജി.വി.എച്ച്.എസ്.എസ് ലിറ്റിൽകൈറ്റ്സ് യൂണിറ്റ്
അണിയിച്ചൊരുക്കുന്ന ഈ ഡിജിറ്റൽ മാഗസിൻ
പുസ്തകം ചമയ്ക്കുന്നവിദ്യ അറിയാൻ ഞങ്ങൾക്ക് നല്ലൊരവസരം!

സാഹിത്യലോകത്ത് സാന്നിദ്ധ്യം അടയാളപ്പെടുത്താൻ
കൂട്ടുകാർക്ക് ലഭിച്ചത് സുവർണ്ണാവസരം.
ഞങ്ങൾക്കിത് അറിവിന്റെ അക്ഷയഖനി തുറക്കുന്നു.

സസ്നേഹം
സ്റ്റുഡന്റ് എഡിറ്റർ,
അക്ഷയ.

## പത്രാധിപ സമിതി

അക്ഷയ ബെന്നി കുരുവിള(മുഖ്യപത്രാധിപർ)

**അംഗങ്ങൾ**

ആഞ്ചലോസ് ബിജു
ഷിഫ്ന റ്റി. എസ്സ്
ജോസ്ന ബിജു
വൈശാഖ്മോൻ വി
അനുമോൾഎ ആർ
ജെയിൻ ജോസ്

# തിരുത്തൽവാദി

സമ്പാ: ഫാത്തിമത് സഫ          ഡീന ജോൺ കെ

അനുഭവങ്ങളുടെ ചുരക്കയിൽ നിന്ന്
അരുതുകൾ ചുരണ്ടിമാറ്റരുത്
ഈട്ടം ഇടർച്ചയും പഠിപ്പിച്ച
തെറ്റുകളാണെന്നും ശരികൾ

കരിന്തിരിയാളുംവരെ കൊഞ്ചി-
ക്കുണുങ്ങിയും കൊമ്പുകുലുക്കിയും
വരുന്ന ഓരോ സമയമാത്രകളും
കൺചിരാതിലെരിയിച്ച നനവിന്റെ
നീറ്റലുള്ള  ഉപ്പുതടങ്ങൾ
ആഴംകുത്തിക്കിടപ്പുണ്ടാ
കവിളുകളിലിപ്പോഴും
നോക്കൂ...........

കനപ്പെട്ട ,വിധേയത്വത്തിന്റെ
വക്കടർന്ന നിൽപ്പിടങ്ങൾ
നമുക്കിനി വേണ്ട...
സ്വന്തം കാലുകളെ വിശ്വസിക്കരു-
തെന്നത്  അവിശ്വസനീയ സത്യം.
അതിലും ഒരു കറുത്ത യാഗാശ്വത്തെ
കെട്ടിയിട്ടുണ്ടാവാം......
തോന്നും വഴികളിൽ പാഞ്ഞേക്കാം
തോന്നാത്തിടങ്ങളിൽ മേഞ്ഞേക്കാം
മെരുക്കാനാകാത്ത
തികഞ്ഞ
തോന്ന്യവാസിയായി!
പിൻകാലൂന്നി,മുൻകാലുയർത്തി
വിശ്വം ജയിച്ച ഇണക്കമില്ലാത്തവന്റെ
അഹന്ത പതിച്ച കിരീടവും പേറി,
ഏകാധിപതിയുടെ ചെങ്കോലുമായി
നീയും നടന്നില്ലേ അന്നൊരുനാൾ?

പശിമയാർന്ന ഓർമപ്പാട്ടുകളൊന്നും
അച്ചിൾവേഗത്തിൽ മായില്ലല്ലോ! ല്ലേ?

# വിദ്യാലയം

ഡിനിമോൾ പി.സി.



നറുനിലാപുഞ്ചിരിതൻ പൂമൊട്ടുകൾവിടരും
പൂവാടിയാണെന്റെ വിദ്യാലയം
പൂമണമേകുന്ന മലർശോഭയാർന്നൊരാ
പൂവുകളണിചേരുന്നൊരാപൂങ്കാവനം
തുമഞ്ഞുതുള്ളിതൻലാളനമേറ്റതിരാവിലെ
കണ്ണുതുറന്നീടുന്നിതാ പൂമൊട്ടുകൾ
സൂര്യന്റെ ചൂടേറ്റ് വാടാതെ തളരാതെ
പുഞ്ചിരി തുകുകയാണെന്നുമെന്നും
പൂവനം തന്നിലെ പൂക്കൾ കൊഴിക്കാതെ
പുണ്യമായ് തീരട്ടെ പൂവനിയിൽ

ഓരോ പൂവും വിടരട്ടെ,വളരട്ടെ
പുതിയൊരു പുലരിയെ പുൽകുവാൻ



# മരണം

എലിസബത്ത് മനോജ്



എത്ര മനോഹരമായ പദം
മാനവർ തന്നുടെ കർമ്മഫലം
ചിലർ നിന്നെ തേടിയലയുന്നു

ചിലർക്കുസുന്ദരമായ അനുഭൂതി,
ചിലർക്കു നീ നകരമായ്
എന്തൊരനുഭവമാണു നീ
എന്തൊരു വിസ്മയമാണു നീ

നിന്നെക്കുറിച്ചു പറയുവാൻ
വാക്കുകളില്ല ഈ ഭൂമിയിൽ
നീയെന്ന വാക്ക് നീ തന്നെയാണ്
ഈ ലോകം ശൂന്യം നിനക്കുമുമ്പിൽ

നീയെ സ്വയം ശൂന്യമല്ലോ, നീ
എത്ര മനോഹരം മരണമേ!!

# മദ്യത്തിൻ പടിയിൽ അമരുന്ന കേരളം

നയന കെ മുരളി

പ്രബുദ്ധ കേരളമെന്നാണ് കേരളത്തെ നമ്മൾ അഭിമാനത്തോടെ വിശേഷിപ്പിക്കാറുള്ളത്.വലുപ്പം അടിസ്ഥാനമാക്കിയാൽ കൊച്ചു സംസ്ഥാനമാണ് നമ്മുടേതെങ്കിലും നവോത്ഥാന നായകൻമാർ അടിത്തറയിട്ട സാമൂഹിക ഭൂമിയിൽ നിന്ന് നമ്മൾ പടുത്തുയർത്തിയത് ഒട്ടും ചെറുതല്ലാത്ത നേട്ടങ്ങളാണ്.ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങൾക്കും ഒരു പക്ഷേ വികസ്വര രാജ്യങ്ങൾക്കുമൊക്കെ മാതൃകയാവുന്ന തരത്തിലുള്ളതാണ് പൊതുവിദ്യഭ്യാസ രംഗത്തും പൊതുജനാരോഗ്യരംഗത്തും നമ്മൾ കരഗതമാക്കിയ നേട്ടങ്ങൾ. മാനവ വികസന സൂചികയിൽ മുന്തിയ സ്ഥാനമാണ് കേരളത്തിനുള്ളത്.ഉത്ബുദ്ധമായ സാമൂഹിക,രാഷ്ട്രീയ ബോധമുള്ളവരാണ് മലയാളികൾ.സാമൂഹികവും ജാതീയവുമായ അസമത്വങ്ങൾക്കെതിരാണ് മലയാളിയുടെ പൊതുമനസ്സ്.എന്നാൽ നമ്മുടെ സാമൂഹിക സുസ്ഥിതിയെയും,പൊതു ജനാരോഗ്യത്തെയും,ഉത്പാദനക്ഷമതയെയും,സാമ്പത്തിക വളർച്ചയെയും ഒക്കെ ബാധിക്കുന്ന തരത്തിൽ വലിയ വെല്ലുവിളി ഉയർത്തുകയാണ് മലയാളിയുടെ മദ്യപാനശീലം.

# വാർദ്ധക്യമെന്നൊരു കവാടം

## സമ്പാദക:അക്ഷയ ബെന്നി കുരുവിള

വാർദ്ധക്യമെന്നൊരു കവാടത്തിൻ
നടുവിൽ ഞാൻ ഊന്നുവടിയുമായി
നിൽപ്പൂ... ത്യാഗത്തിൻ...
ഊന്നുവടിയുമായി നിൽപ്പൂ..

ജീവിതാനുഭവങ്ങളുടെ
കൈപ്പുനീരുമിറക്കി
ജീവിത സത്യങ്ങളുടെ
ു്വൽ സ്പർശവുമായി നിൽപ്പൂ...

കാലത്തിന്റെ മായാത്ത താളുകളിൽ
എനിക്കായ് മാറ്റിവച്ച അവസാനവിധിതൻ
ഇതിഹാസപുസ്തകവുമായി
ജ്വരബാധിതനായി നിൽപ്പൂ...

ജീവിതത്തിൻ അസ്തമയ സമയത്ത്
വാർദ്ധക്യമെന്നൊരു നക്ഷത്രകവാടത്തിൽ
ത്യാഗത്തിൻ ഊന്നുവടിയുമായി
ഏകയായി ഞാൻ നിൽപ്പൂ..........
(ഫെൻസി മരിയ ജോണ്

# അമ്മതൻ പാൽപുഞ്ചിരി

സമ്പാദക :ഹിബ കെ .എച്ച്

മാതൃത്വത്തിൻ  പാലൊളിളുകും
മാധുര്യത്തിൻ സൗരഭ്യം പകരുമാ...
മാനസകവാട മണിയറയിൽ
മാലാഖയേപ്പോലെ പുഞ്ചിരിളുകി...
വിരിയുന്ന അംബുജമൊട്ടുപോൽ...
വാനിലെ താരകജാലംപോൽ...
മണ്ണിലെന്നുമെനിക്കൊരു താങ്ങായി...
മാറോടണക്കുമെന്നമ്മ...
'അമ്മ'യെന്ന രണ്ടക്ഷരത്തിനുമപ്പുറം
ആകാശഗംഗ തൻ മടിത്തട്ടിൽ
ആ വാത്സല്യപുഞ്ചിരി തൻ
ആമ്പലരി പൊഴിയുമീ നിലാവ്....
ഹൃദയത്തിൽ അജകവാടത്തിൻ
ഓർമ്മയായ് പോയൊരു വാത്സല്യ പുഞ്ചിരി
അനാഥമായൊരു തെരുവിൽ എന്നേത്തേടി വരും
എന്നുമാ....പുഞ്ചിരിതൻ....സ്വപ്നം.....

(ഫെൻസി മരിയ ജോൺ)

# ഓർമ്മകൾ

സമ്പാ:ഷിഫാന.റ്റി.എസ് എയ്ഞ്ചൽ ജോൺ

സഹൽ പുഴയുടെ മകനായിരുന്നു.അവൻ പുഴയോട് തൻെറ സങ്കടങ്ങൾ ഓരോന്നായി പറഞ്ഞു.പുഴയിലെ എല്ലാജീവജാലങ്ങളും അവൻെറ കുടുംബത്തിലെ ഓരോ അംഗങ്ങളായിരുന്നു.ജീവിതത്തിൻെറ തിരക്കുകൾക്കിടയിൽ,അവൻ പോയകാലത്തിൻെറ മായാവലയത്തിൽ വീണുപോയി.അമ്മമ്മയോടൊപ്പം താമസിക്കുന്ന ഒരു കൊച്ചുപയ്യൻ.

നന്നേ ചെറുപ്പത്തിൽ അവൻെറ മാതാപിതാക്കൾ അവനെ എന്നേക്കുമായി പിരിഞ്ഞു പോയതാണ്. ആ വേർപാടിൻെറ ദുഃഖം അവൻ ആരോടും പറഞ്ഞിട്ടില്ല, കടിച്ചമർത്തിനടക്കാറെയുള്ളു. അയലത്തെ നന്ദിനിചേച്ചി ഉണ്ണിക്കുട്ടന് ചോറ് വാരിക്കൊടുക്കുമ്പോൾ അവന് കൊതിയാകുമായിരുന്നു.അവൻ പഠിക്കാൻ മിടുക്കനായിരുന്നു. അതുപോലെതന്നെ കളികളിലും.കുട്ടികളെ മികവുറ്റതാക്കാൻ സ്കൂളുകളിൽ രൂപീകരിച്ച J.R.C യിൽ സെലക്ഷൻ ലഭിച്ചിട്ടും യൂണീഫോമിൻെറ പൈസ കൊടുക്കാൻ ഇല്ലാത്തതുകൊണ്ട് അവൻ അതിൽനിന്നും ഒഴിവായി. വാർധക്യത്തിൻെറ കഷ്ടതയിലാണെങ്കിലും അമ്മമ്മ പണിക്കുപോയിട്ടാണ് അവനെ പഠിപ്പിക്കുന്നത്.

അമ്മമ്മ പണിക്കുപോയി കിട്ടുന്ന തുച്ഛമായ വിലയിൽ അന്നത്തെ അന്നത്തിന് മാത്രം വകയുണ്ട്.ഇങ്ങനെ കഷ്ടപ്പെടുന്ന അമ്മമ്മയോട് പൈസ ചോദിക്കുവാൻ അവന് കഴിയില്ലായിരുന്നു.ഒരു കുടനിറയെ കഷ്ടപ്പാടുകളുടെയും വിഷമങ്ങളുടെയും ഇടയിൽ കിടന്ന് ഞെരുങ്ങുന്ന സഹലിന് ഒരു ആശ്വാസം എന്നപോലെ ഒരു ഫോൺ ശബ്ദം അവൻെറ കാതുകളിൽ നിഴലിച്ചു.ആ മയക്കത്തിൽ നിന്നവൻ ഉണർന്നു.ഫോൺ മുഴങ്ങികൊണ്ടേയിരുന്നു.അവൻ ഫോൺ എടുത്തു.

സാർ പെട്ടെന്നു വരണം എൻെറ കുട്ടി കിണറ്റിൽ വീണുപോയി. എത്രയും വേഗം അവളെ രക്ഷിക്കു.

ഗാന്ധിനഗർ, ചെറുവള്ളിക്കുന്ന് ഇന്നവൻ ധാരാളം പേരെ രക്ഷിക്കുന്ന ഒരു ഫയർഫോഴ്സുകാരനാണ്. കല്ലായിപ്പുഴ തട്ടിയും തടഞ്ഞും വീണ്ടും ഒഴുകിക്കൊണ്ടേയിരുന്നു. പുഴയുടെ മക്കളെ വീണ്ടും തീറ്റിപ്പോറ്റിക്കൊണ്ടേയിരുന്നു.

# എന്റെ ഓർമക്കാലം

സമ്പാ : സൂര്യ എ കെ

ജീവിതത്തിലെ ഏറ്റവും സന്തോഷകരമായ കാലമാണ് കുട്ടിക്കാലം. കുട്ടിക്കാലത്ത് എല്ലാവരെയുംപോലെ ഞാനും കുസൃതികളും കുരുത്തക്കേടുകളും ഉള്ള കുട്ടിയായിരുന്നു. ഓരോ കാഴ്ചകളും എനിക്ക് കൗതുകങ്ങളായിരുന്നു. തൊടിയിലെ വൻമരങ്ങളും, ഫലവൃക്ഷങ്ങളും, പൂക്കളും, പക്ഷികളും, പഴങ്ങളും എന്നും ഇഷ്ടമായിരുന്നു.ഞാനും കളിക്കൂട്ടുകാരും കൂടി വേനൽക്കാലത്ത് മാവിൻചുവട്ടിലെ മാമ്പഴം ശേഖരിച്ചതും, അത് എല്ലാവരുംകൂടി പങ്കുവച്ച് കഴിച്ചതും മധുരസ്മരണകളാണ്. ആ മാമ്പഴത്തിന്റെ മധുരം ഇന്നും എന്റെ നാവിലൂറുന്നുണ്ട്.

വളരെ ചെറിയ കുട്ടിയായിരുന്നപ്പോൾ മണ്ണപ്പം ചുട്ടുകളിച്ചതും, പിന്നീട്ട കാലം മാറുന്നതിനനുസരിച്ച് കളികളും മാറിമാറി വന്നതും എന്റെ ഓർമയിലുണ്ട്. പന്തുകളി, കള്ളനും പോലീസും, ഓട്ടമത്സരം തുടങ്ങി നിരവധി കളികൾ കുട്ടിക്കാലത്തെമാത്രം കളിയായിരുന്നു.ആഘോഷാവസരങ്ങൾ എന്നും സന്തോഷദിനങ്ങളായിരുന്നു. ഓണനാളുകൾ എന്നും തിരക്കേറിയതായിരുന്നു. പിന്നെയെന്നും ഉത്സവമേളമാണ്. പൂപറിക്കൽ, പൂക്കളമിടൽ, ഓണസദ്യ ഉണ്ണൽ, ഓണക്കോടിയുടുക്കൽ തുടങ്ങിയവയെല്ലാം ഓണാഘോഷത്തിന്റെ പ്രധാനഘടകങ്ങളാണ്.

കുട്ടിക്കാലത്തെ യാത്രകൾ എന്നും ഓർമ്മയിൽ തങ്ങിനിൽക്കുന്നവയാണ്. അമ്മവീട്ടിൽ പോകുന്നതും അവിടെ കളിക്കുന്നതും എന്നും സന്തോഷകരമായിരുന്നു.അതുപോലെ വീട്ടിലെത്തുന്ന വിരുന്നുകാരും അവരുടെ സമ്മാനങ്ങളും എന്നും എന്റെ പ്രിയപ്പെട്ടവയായിരുന്നു. കുറച്ചുകൂടി വലുതായപ്പോൾ ഇവയെല്ലാം നഷ്ടമായതുപോലെ ഒരു തോന്നൽ. അതുകൊണ്ട് എന്നും ഒരു ചെറിയകുട്ടിയായി പാറിപ്പറന്ന് നടക്കാനാണ് എനിക്ക് ഇഷ്ടം. എന്റെ കുട്ടിക്കാലത്തെക്കുറിച്ചുള്ള ഓർമ്മകൾ എന്നും എനിക്ക് സന്തോഷകരമാണ്.

ആൽഫി ജിൻസ്

# അക്വേറിയത്തിലെ മത്സ്യങ്ങൾ

ആകാശ് എൻ.എസ്

പരതന്ത്രയാം മത്സ്യക്കുഞ്ഞുങ്ങളിതാ

സ്ഫടികക്കൂട്ടിൽ തുള്ളിക്കളിക്കുന്നു
സ്വാതന്ത്ര്യത്തിൻ വെള്ളക്കൊടി
പാറിക്കാനാകുന്നില്ലവയ്ക്ക്

പളുങ്കുമണികൾ    ചിന്നിച്ചിതറുന്ന
ആരണ്യപ്പൂഞ്ചോലകളിൽ
ആനന്ദാരവമാടാൻ വിതുമ്പുന്നു
അവർതൻ  മാനസങ്ങൾ

ആകുന്നില്ലെനിക്ക്   ഈ
 നരകതുല്യയാതനകൾ
അഭയം  നൽകൂ  ഈ പിഞ്ചു
ഹൃദയങ്ങൾക്കവയുടെ സാഫല്യ
ജീവിതത്തിൻ ആഹ്ലാദാരവങ്ങൾ

# ഇതാണ് സ്നേഹം

(ഷിബിൻ ലൂക്കോസ്)

എനിക്കൊന്ന് നൊന്താൽ പൊട്ടിക്കരയുന്ന
അണയാത്ത വിളക്കാണമ്മ
അണയാത്ത വിളക്കാണമ്മ
അമ്മയ്ക്ക് പകരം അമ്മ മാത്രം
അമ്മയാണെല്ലാം എന്ത് വിഷമത്തിലും എന്നൊപ്പമുണ്ടമ്മ.

എൻ മുഖം കണ്ടില്ലേൽ കണ്ണീരൊഴുക്കുന്ന സ്നേഹനിധിയാണെന്നമ്മ
തന്റെ വിശപ്പടക്കിയെന്നെ ഊട്ടുന്ന
സ്നേഹമാണമ്മ.

അമ്മയെന്നുള്ളത് രണ്ടക്ഷരമല്ല
അമ്മയെന്നാൽ സ്നേഹമാണ്
അമ്മ എൻ സ്നേഹമാം അമ്മ
തൻ ഉയിരുപോൽ എന്നെ
സ്നേഹിക്കുമെന്നമ്മ
മാറോടണച്ചെന്നെ ഉമ്മ വെച്ചീടുന്ന
പൊൻ വസന്തമാണമ്മ

# ചങ്ങാതി

ആദർശ് കെഎ

തുള്ളിത്തുള്ളി വരുന്നുണ്ടേ
മാനത്തുന്നൊരു ചങ്ങാതി
കുടയുടെ മുകളിൽ പതിക്കുന്നേ
തുള്ളി വരുന്നൊരു ചങ്ങാതി
ചൂടിനെയകറ്റി വരുന്നുണ്ടേ
കുളിരും കൊണ്ട് വരുന്നുണ്ടേ
കിണറും തോടും നിറയ്ക്കുന്നേ
പുഴയും കടലും നിറയ്ക്കുന്നേ
കൊട്ടിപ്പാടി വരുന്നുണ്ടേ
മിന്നലുമൊത്തൊരുചങ്ങാതി
കാറ്റുമൊത്തു വരുന്നുണ്ടേ
മാനത്തുന്നൊരു ചങ്ങാതി.

# പുലിക്കുപറ്റിയ അക്കിടി

വിനില.പി

ഒരിടത്ത് ഒരു വയസ്സായപുലിയുണ്ടായിരുന്നു.ഒരു ദിവസം പുലി കാട്ടിലൂടെ നടക്കുകയായിരുന്നു.പുലിക്ക് നല്ല വിശപ്പുണ്ടായിരുന്നു.അപ്പോഴാണ് ഒരു തവളയെ കണ്ടത്.
തവള പുലിയെ കണ്ടിരുന്നു.തവള ആളൊരു ബുദ്ധിമാനായിരുന്നു.തവള പുലിയോട് ചോദിച്ചു നമ്മളിലാരാണ് ഈ പുഴയുടെ അക്കരെ കൂടുതൽ ചാടുന്നത് എന്ന് നമുക്ക് നോക്കാം.നീ ജയിച്ചാൽ എന്നെ തിന്നോ.പുലി ഉടൻ തന്നെ അക്കരെ  ചാടി.എന്നാൽ തവള പുലിയുടെ വാലിലുണ്ടായിരുന്ന കാര്യം അറിഞ്ഞില്ല.അങ്ങനെ പുലി അക്കരെ ചാടി .ഉടൻ തന്നെ തവള കുറച്ചുകലെയുള്ള ഒരു പാറയിൽ കയറിയിരുന്നു.പുലി തോൽവി സമ്മതിച്ചു

# സ്വർഗ്ഗ ഭൂമി

അക്ഷയ് പ്രകാശ്

എത്ര മനോഹരമെന്റെ ഭൂമി
പച്ച വിരിച്ചൊരു സ്വർഗ്ഗ ഭൂമി
പ്രകൃതിയെ സ്നേഹിക്കാനറിയാത്ത
മനുഷ്യരെ നിങ്ങൾ
നാടിനെ സ്നേഹിക്കാനറിയാത്തവർ
വീടിനെ സ്നേഹിക്കാനറിയാത്തവർ
നിങ്ങൾ നിങ്ങളെ സ്നേഹിക്കാനറിയാത്തവർ
സമ്പത്തിനെ നിങ്ങൾ സ്നേഹിച്ചീടുന്നു
ആഢംബരത്തെ നിങ്ങൾ സ്നേഹിച്ചീടുന്നു
ഭൂമിയെ നാം കൊള്ളയടിക്കുന്നു
ഉള്ളതെല്ലാം നാം കൈകളിലാക്കുന്നു
ഈ സ്വർഗ്ഗ ഭൂമിയെ തന്നെ കാക്കണം.
നമ്മൾ തൻ നാശത്തെ നാം തന്നെ തടയണം.

# പുലിയുടെ കെണി

ആനന്ദ് എൻ.എസ്.

9B

ഒരിക്കൽ രാമു കാട്ടിലൂടെ പോവുകയായിരുന്നു.പെട്ടെന്ന് ഒരു പുലി അയാളുടെ മുമ്പിൽ ചാടി.പുലി പറഞ്ഞു. നിന്നെ ഇപ്പോൾ തിന്നും. അപ്പോൾ അയാൾ പറഞ്ഞു.എന്റെ കൂടെ  വന്നാൽ പെട തരാം. അപ്പോൾ പുലി വിചാരിച്ചു. തിന്നാൻ കിട്ടുന്ന സാധനമായിരിക്കുമെന്ന്.അങ്ങനെ പുലി വീട്ടിൽ ചെന്നു.ശേഷം അയാളുടെ ഭാര്യ വടിയുമായി ചെന്നു.പെട എന്നത് അടി ആയിരുന്നു.അയാൾ പുലിയെഒരുപാട് തല്ലി .വേദനയും കൊണ്ട് പുലി അവിടുന്ന് ഓടി പോയി.

# ഉദ്യാനം

## ആഞ്ജലോസ് ബിജു

വിടർന്ന നിൽക്കുന്ന പൂക്കളെ
കാണാൻ എന്തൊരു രസമാണ്.
നിറഞ്ഞു നിൽക്കും പൂക്കളെ
കാണാൻ എന്തൊരു ഭംഗിയാണ്.
പൂവിന് ചുറ്റും പാറി നടക്കും
പൂമ്പാറ്റക്കെന്തു രസം.
പൂന്തേനുണ്ണാൻ പാറി നടക്കും
കുഞ്ഞിക്കുരുവിക്കെന്തു രസം.
പൂക്കളിറുക്കാൻ തൊടിയിൽക്കൂടി
ഓടിനടക്കും കൊച്ചുകിടാങ്ങൾക്കെന്തു രസം.

# മൂന്നു കൂട്ടുകാർ

വൈശാഖ്മോൻ.വി

ഒരിടത്ത്  പുല്ലുകൾ നിറഞ്ഞ വിശാലമായ ഒരുപ്രദേശത്ത് മൂന്നു മരങ്ങൾ ഉണ്ടായിരുന്നു.മെലിഞ്ഞ് പഴങ്ങളൊന്നും ഇല്ലാത്ത പാവമായിരുന്നു ലാലു.ബാക്കി രണ്ട് വൻ മരങ്ങളായിരുന്നു മാലുവും മനുവും.അവർ ദുഷ്ടൻമാരായിരുന്നു.എന്നും മാലുവും മനുവും ലാലുവിനെ കളിയാക്കുമായിരുന്നു.അവന് അത് കേൾക്കുമ്പോൾ സങ്കടമാകും.എന്നാൽ അവൻ മറിച്ചൊന്നും പറയാറില്ല.അങ്ങനെയിരിക്കെ ഡിസംബർ മാസമായി.എങ്ങും ഹിമകണങ്ങൾകൊണ്ട് മൂടപ്പെട്ടു.തണുപ്പിനെ അതിജിവിക്കാൻ ലാലുവിന് ഒരു മാർഗവുമില്ലായിരുന്നു.അങ്ങനെ തണുത്തുവിറച്ച് അവർ ദിവസങ്ങൾ കഴിച്ചുകൂട്ടി.

ഒരു ദിവസം രണ്ട് പേർ അവിടെയെത്തി.അവർ മരത്തിന്റെ നീളവും വീതിയും കണക്കാക്കി.ശേഷം അവർ തിരിച്ചുപോയി.എന്നാൽ പീന്നീടവർ വന്നില്ല.മഞ്ഞുകാലസമയത്തുതന്നെ ഒരു പക്ഷി അവിടെ വന്നു. തണുപ്പുകാലം കഴിയുന്നതുവരെ അവിടെ താമസിക്കാൻ തന്നെ അനുവദിക്കണമെന്ന് പക്ഷി മാലുവിനോടും മനുവിനോടും അപേക്ഷിച്ചു.എന്നാൽ അവർ ആ ചെറിയപക്ഷിയെ ആ ട്ടിയോടിച്ചു.പാവം പക്ഷി.അവർ പ്രതീക്ഷയോടെ ലാലുവിനെ നോക്കി.അവൻ കരുണയോടെ പക്ഷിയെ വിളിച്ചു.അവൻ അവിടെ താമസിക്കാൻ പക്ഷിക്ക് അനുവാദം നൽകി.മാലുവും മനുവും ഈ കാര്യത്തിനും അവനെ കളിയാക്കിക്കൊണ്ടിരുന്നു.ദിവസങ്ങൾ കഴിഞ്ഞു.പക്ഷിക്ക് പോവേണ്ട സമയമായി.ചുരുങ്ങിയ ദിവസത്തിനുള്ളിൽ അവർ വളരെ അടുത്ത കൂട്ടുകാരായി മാറിയിരുന്നു. വേദനയോടേ ആണേങ്കിലും ആ പക്ഷി ലാലുവിനോട് യാത്ര പറഞ്ഞു.

കുറേ നാളുകൾ കഴിഞ്ഞപ്പോൾ ലാലുവിൽ പൂക്കൾ വന്നു.പിന്നീടത് പഴങ്ങളായി മാറി.നല്ല രുചിയുള്ള പഴങ്ങൾ.എല്ലാ പക്ഷി മൃഗാധികൾക്കും അവൻ തേൻ  രുചിയുള്ള കനികൾ നൽകി.അങ്ങനേ ഇതുകണ്ട് മാലുവും മനുവും അവനോട് കൂട്ടുകൂടാൻ വന്നു.അവർ അങ്ങനെ പിന്നിട്ടുള്ള കാലം സന്തോഷത്തോടെ കഴിഞ്ഞു.

# മഴയുടെ വികൃതി

മഴ മഴ മഴ മഴ മാനത്ത്
മഴ പെയ്യുന്നൊരു നേരത്ത്
മഴവില്ലഴകുകൾ മാനത്ത്
പുഞ്ചിരിതൂകി നിൽക്കുന്നേ
മഴ മഴ മഴ മഴ മാനത്ത്
പുഴയും വലയും നിറയുന്നേ
പുഞ്ചിരി തൂകും പാടങ്ങൾ
മുകിലുകളെല്ലാം മാനത്ത്
മറയുന്നുണ്ടേ ദൂരത്ത്

-അശ്വിൻ എസ്

# സൗഹൃദം

ഷബ്ന പി എ

ഞാൻ നിൽക്കുന്ന ഇടനാഴിക്കിരുവശവും
താഴിട്ടു പൂട്ടിയ നിരവധി മുറികൾ
കൈയിൽ ഒരു താക്കോൽക്കൂട്ടവുമായി
പഴുതുകൾ ഏതെന്നറിയാതെ
എങ്ങനെ ഓരോ മുറിയും തുറക്കുമെന്നറിയാതെ
ഞാൻ പകച്ചു നിൽക്കുമ്പോൾ
ഉപാധികളില്ലാത്ത സൗഹൃദപ്പുഞ്ചിരിയുമായി
എന്നെ സഹായിക്കാൻ
അണിഞ്ഞൊരുങ്ങി വന്നവൾ
എന്റെ കൂട്ടുകാരി
ദിക്കുകളെ വളച്ചൊടിക്കാൻ ശ്രമിക്കാത്തവൾ......
എവിടെയും ജയിക്കാൻ കഴിയാത്ത എന്നോട്
സ്വരം നല്ലതല്ലേ , നീ പാട്ടുപാടൂ
എന്നു പറഞ്ഞവൾ
സ്റ്റേഷനടുക്കുമ്പോൾ
തീവണ്ടി ട്രാക്കുമാറുന്നതുപോലെ
ഓർമിച്ചെടുത്ത പഴയ പാട്ടുപാടി ഞാൻ കിതച്ചുനിന്നു
അപ്പോഴും മനസ്സിൽ നിന്ന് വിട്ടുപോകാതെ
ചതുരംഗക്കളം
ആനക്കാൽ ഒരു കരുകൊണ്ട് മറച്ചുവെച്ചിട്ട്
'കാസിൽ' ചെയ്യാൻ ഞാൻ കാത്തിരിക്കുന്നു

അവൾ പറഞ്ഞു
കരുക്കളല്ല കുരുക്കൾ
ചുവന്ന മഞ്ചാടിക്കുരുക്കൾ
അതിന്റെ ആകൃതി ഏതു പോലെയാണെന്ന്
അവൾ എനിക്കു പറഞ്ഞുതന്നു
പേമാരി സൃഷ്ടിച്ച പ്രളയത്തിനു ശേഷം
ഞാൻ നിറങ്ങൾക്കായി തേടുന്നു
പല നിറത്തിലുള്ള കണ്ണടകൾ മാറിമാറിയണിഞ്ഞ്
ഒടുവിൽ ഞാനതു കണ്ടെത്തുന്നു.
കൂട്ടുകാരി;
ഒരു കളം നിറഞ്ഞ ചുവപ്പു നിറമാണ്
കാണാത്തതു കാണിച്ചുതരുന്ന വെളിച്ചമാണ്.

പല്ലുകൾ ചവയ്ക്കാതെ അരഞ്ഞുപോകുമ്പോൾഉള്ളിലും പുറത്തുമുള്ള
രണ്ട് ലോകങ്ങളോട്
ഒറ്റയ്ക്ക് പൊരുതി നിൽക്കണം
അടുത്ത വസന്തകാലത്തിൽ
മുള്ളില്ലാത്ത ഒരു ചെടിയിൽ ഒരിതൾ പൂവായെങ്കിലും
എനിക്കു വിടരണം

# മിന്നാമിനുങ്ങ്

(ഷൈബിൻ. അഗസ്റ്റിൻ)

ഇരുളിൽ വെളിച്ചത്തിൽ ഒരു കൊച്ചു
ഭംഗിയായ് വന്നുവോ നീയെന്നരികിൽ
നൻമയായ്സ്നേഹമായ് സ്പർശമായ്
ഇളംകാറ്റായ് നീ വരുമോ മിനുങ്ങേ
നൻമയാൽ വിതറി
ഒരു കൊച്ചു പൂമൊട്ട്
വിരിയിക്കുവാൻ നീ വരുമോ?
ഒരു കൊച്ചു ലോകത്തിൽ
നൻമ വിരിയിക്കുവാൻ നീ വരുമോയെൻ സഖീ.

# പാഠം പഠിച്ചേ

ജോസ്ന ബിജു

ഒരിടത്ത് ഒരു കിങ്ങിണി കാട് എന്നൊരു സ്ഥലം ഉണ്ടായിരുന്നു. അവിടെ ജനങ്ങൾക്ക് ശല്യം ഉണ്ടാക്കിയ ഒരു മഹാവികൃതിയായ കരുമാടികുട്ടൻ എന്ന പേരിൽ ഒരു ആനയുണ്ടായിരുന്നു.കിങ്ങിണി കാട്ടിലെ ജനങ്ങൾക്ക് മഹാ ശല്യമായിരുന്ന അവൻ. അവിടത്തെ ജനങ്ങൾ നട്ടുണ്ടാക്കിയ വാഴപ്പഴങ്ങൾ നശിപ്പിക്കലായിരുന്ന അവന്റെ വിനോദം. അവിടെ ഒരു പാവം മുയൽ കുട്ടൻ താമസിച്ചിരുന്നു. അതിനെ വല്ലാതെ ശല്യം ചെയ്യുമായിരുന്നു. എന്നാൽ ആ പാവം മുയൽ കുട്ടൻ അതിനൊന്നും പ്രതികരിക്കില്ലായിരുന്നു. അവനു എല്ലാവരെയും സ്നേഹിക്കാൻ മാത്രമേ അറിയുള്ളായിരുന്നു.എല്ലാവരെയും രക്ഷിക്കുന്നതു കൊണ്ടുതന്നെ കിങ്ങിണി കാട്ടിലെ ജനങ്ങൾക്ക് മുയലിനെ വളരെയധികം ഇഷ്ടമായിരുന്നു.

അതുകൊണ്ടുതന്നെയാണ് കരിമാടിക്കുട്ടന് മുയലിനെ ഇഷ്ടമല്ലാത്തത്.അതിനോടുള്ള ദേഷ്യം കാരണം മുയലിനെ അകപ്പെടുത്തുന്നതിനായി കരിമാടിക്കുട്ടൻ ഒരു പദ്ധതി ഉണ്ടാക്കി.മുയൽ പോകുന്ന *വഴിയിൽ വലിയൊരു കുഴി കുഴിച്ച് അതിനു മുകളിൽ ഇലകൾ ഇട്ട് നികത്തിയിരുന്നു.അതിനുള്ളിൽ മുള്ളുകൾ ഇട്ടുകൊണ്ടിരിക്കുകയായിരുന്നു. പെട്ടെന്നാണ് ആ വഴി മുയൽ വരുന്നത് കണ്ടത്.ആനക്കുട്ടൻ വേഗത്തിൽ പോകാൻ തുടങ്ങിയതും ആനക്കുട്ടൻ മുയലിനു പണിവെച്ച കുഴിയിൽ തന്നെ വീണു.ആ ഒച്ച കേട്ട് മുയൽക്കുട്ടൻ ഓടി വന്നു. അവൻ ഒരുപാട് പരിശ്രമിച്ചു. അവസാനം മുയൽക്കുട്ടൻ അവിടെയുള്ള ആൾക്കാരെ വിളിച്ചു കൂട്ടി. അവനെ എല്ലാവരും കൂടി രക്ഷിച്ചു.മുകളിൽ എത്തിയശേഷം മുയൽക്കുട്ടിയോടു നന്ദി പറഞ്ഞു. അതോടെ ആനക്കുട്ടി നന്നായി . എല്ലാവരെയും സഹായിക്കുകയും സ്നേഹിക്കുകയും ചെയ്തു.അതോടെ ഒരു നല്ല പാഠം പഠിച്ചു.*

# പ്രകാശം

അനമോൾ എ ആർ

എൻ ഭൂമി തൻ ഇരുളണയിക്കും
ജീവൻ തുടിപ്പുകൾക്ക് ഊർജ്ജമേകും
മിഴികളിൽ കാഴ്ച സുന്ദരമാകും നീ....
എവിടേയ്ക്ക പോകുന്നു എന്നുമെന്നും ....???
അണയാതിരിക്കു നീ ഭുവിലെങ്ങും
നന്മയായ് സ്നേഹമായ് നിറഞ്ഞിടട്ടെ
ആനന്ദപൂരിതമാം പ്രകാശമേ...........
നന്മകൾ നിന്നിലൂടെ ഞാനറിഞ്ഞു
കരുണയും ദയയും നീ പകർന്നു തന്നു
നിന്നെ നമിക്കുന്നു ഞാനെന്നുമെന്നും

# തെരുവ്

(അഞ്ജിത്ത് വി .കെ)

തെരുവിലൂടെ നടക്കുമ്പോൾ എൻ
മനമാകെ വിങ്ങുന്നു.
കുഞ്ഞുകുരുന്നുകൾ തേങ്ങി പൊട്ടുന്നു.
അന്നമില്ല,വസ്ത്രമില്ല
അവർക്കാരുമില്ല സങ്കടം പറയുവാൻ
മലിനമായ പ്രദേശത്തിലാണ്
അവരുടെ പാർപ്പിടം.
അവരുടെ അച്ഛനമ്മമാർ
എവിടെയാണെന്ന് പോലും അവർക്കറിയില്ല
വയറു നിറയ്ക്കാനായി യാചിക്കുന്ന കുട്ടികൾ
സ്കൂളിൽ കളിക്കുന്ന കുട്ടികളെ കണ്ട്
അവർക്ക് ഒരാഗ്രഹം
കൂടെ കളിക്കുവാൻ
തെരുവിലൂടെ നടക്കുമ്പോൾ
എൻ മനമാകെ വിങ്ങുന്നു

# പുഴ

ജിഷ്ണു.പി.എസ്

കരകവിഞ്ഞൊഴുകിയ പുഴ
കളകളം ഒഴുകുന്ന പുഴയായി
കാട്ടിലൂടൊഴുകുന്ന ഞാൻ
ഞെങ്ങിഞ്ഞെരുങ്ങി ആർത്തലച്ച്
ഇടവഴി താണ്ടി, മലകൾ താണ്ടി
കുത്തിയൊലിച്ച പായുന്ന ഞാൻ
കളിച്ച മറിഞ്ഞു നീങ്ങുന്ന ഞാൻ
മാലിന്യക്കുമ്പാരം എറിഞ്ഞുകളയുന്ന
വിരൂപിയാം പുഴയായ് തീർന്നിന്ന ഞാൻ.

# വ്യാപി

ജിതിൻ കെ.ബി

ഒറ്റയ്ക്കിരിപ്പതും
നിശ്ചലസംഗീത
സ്വച്ഛന്ദധാരയാം ശൂന്യത
തുള്ളി തേനിറ്റിറ്റവീണ
സ്വയം മധുവായതും
ഒന്നിമവെട്ടിയാൽ
മാഞ്ഞുപോകുന്നതും
തൻമെയ് ചാലിച്ചാൽ
മറഞ്ഞുപോകുന്നതും
ശബ്ദവീഹിന-
സദാനന്ദമൗനമായ്
ഇത്തിരിമഞ്ഞ് പരന്ന കവിഞ്ഞപോൽ
പൂവിതളുകൾ പാതി തുറന്നിരുകണ്ണുകൾ
തീരെപ്പതിഞ്ഞു തൊടുന്നിളം കാറ്റുകൾ
ദ്രുപത്തിനപ്പുറം കാഴ്ചതുറന്നതും
ഇച്ഛമരിൽനിന്ന് വീടിനകത്തളം
വാർത്തു വാതായനം കഴിഞ്ഞപ്പുറം
ഞെട്ടിയുണർന്ന ജനൽ മിഴി-

**ക്കറ്റമില്ലാതെ പകർന്നു പാരുന്നിടം.**

# ആലീസും കുഞ്ഞാടും

പിങ്കി ബി ജോസഫ്

ഒരിടത്തൊരിടത്ത് ഒരു ആലീസും കുഞ്ഞാടും ഉണ്ടായിരുന്നു.ആലീസിന് അച്ഛനും അമ്മയും മാത്രമാണ് ഉണ്ടായിരുന്നത്.പിന്നെ അവൾ ഓമനിച്ച വളർത്തുന്ന കുഞ്ഞാടും ഉണ്ടായിരുന്നു.അവൾ സ്കൂളിൽ പോകുമ്പോൾ
കുഞ്ഞാട് അവളെ കൊണ്ടുവിട്ടിട്ടാണ് തിരിച്ച വരുക.അവളെ കൂട്ടികൊണ്ടുവരും കുഞ്ഞാട്.ഒരു ദിവസം അവൾ സ്കൂൾ വിട്ട് തിരിച്ച വരുമ്പോൾ കുഞ്ഞാടിനെ കാണുനില്ല.വീട്ടിൽ വന്ന് അച്ഛനോടും അമ്മയോടും ചോദിച്ച "കുഞ്ഞാട് എവിടെ"?.അച്ഛൻ മറുപടി നൽകി."ആടിനെ വിറ്റു".അവൾ കരഞ്ഞു.ആടിനെ കൊടുത്ത വീട്ടിൽ അവൾ എത്തി.അവൾ വീട്ടുകാരോട് പറഞ്ഞു "കുഞ്ഞാടിനെ എനിക്ക് തിരിച്ച തരണം"."ഞാൻ വിലകൊടുത്ത് വാങ്ങിയ ആടിനെ തരില്ല"എന്നവർ പറഞ്ഞു.ആലീസ് പറഞ്ഞു "കഴുത്തിൽ കിടക്കുന്ന മാല ഞാൻ ഊരി തരാം അങ്ങനെയെങ്കിലും കുഞ്ഞാടിനെ എനിക്ക് തിരിച്ച തരണം "ആലീസിൻെറ ദയനീയമായ വാക്കുകൾ കേട്ട് അവർക്ക് ദയനീയവസ്ഥ തോന്നി .ആലീസിന് കുഞ്ഞാടിനെ തിരികെ കൊടുത്തു.ആലീസ് സന്തോഷത്തോടെ കുഞ്ഞാടിനൊപ്പം വീട്ടിലേക്ക് മടങ്ങി.

# വിദ്യാലയവും സൗഹൃദവും

ഷിബിൻ സുരേഷ്

**പ്രിയമുള്ളൊരീ സൗഹൃദം**
**തരുന്നൊരാ സന്തോഷം**
**ഇളംകുളിരായ് തഴുകി**
**തലോടുമെൻ ഹൃദയത്തെ**

**വിദ്യാലയ പടിവാതിലിലൂടെ**
**കയറി തുടങ്ങുമ്പോൾ**
**കെട്ടിപ്പടുക്കും നാം**
**സൗഹൃദക്കെട്ടിടങ്ങൾ**

**കടലാസിൻ തുണ്ടുകളിൽ**
**അക്ഷരമാം മഷികൊണ്ട്**
**സ്നേഹമാം പേനയാലെഴുതി**
**പഠിക്കും നാം "സൗഹൃദം"**

**ദുഃഖങ്ങളിൽ കൂടെ നിന്നും**
**സന്തോഷം പങ്കുവെച്ചും**
**മനസ്സിനാൽ പോകും**
**നാം മുന്നോട്ട്**

# ചങ്ങാതി

അമൽ അഗസ്റ്റിൻ

തുള്ളിത്തുള്ളി വരുന്നുണ്ടേ
മാനത്തുന്നൊരു ചങ്ങാതി
കുടയുടെ മുകളിൽ പതിക്കുന്ന
തുള്ളി വരുന്നൊരു ചങ്ങാതി
കുളിരും കൊണ്ട് വരുന്നുണ്ടേ
കിണറും തോടും നിറയ്ക്കുന്നേ
പുഴയും കടലും നിറയ്ക്കുന്നേ
കൊട്ടിപ്പാടി വരുന്നുണ്ടേ
മിന്നലുമൊത്തൊരു ചങ്ങാതി
മാനത്തുണ്ടൊരു ചങ്ങാതി

# നടപ്പാതകൾ

സമ്പാ: ജെയിൻ ജോസ്

നീ ചൂണ്ടിയ വഴികളെല്ലാം
അപരിചിതമായിരുന്നിട്ടും
ഞാൻ നടന്നത്,
ചുവടുകളുടെ ആഴങ്ങൾ കണ്ടാണ്.
തിരിഞ്ഞുനോക്കരുത്!.....
അളക്കപ്പെടാനുള്ള പാകത
എന്റെ ചുവടുകൾക്കില്ല.

ആഴ്ന്ന പാദങ്ങളുടെ
ഭയപ്പെടുത്തുന്ന
ഓരോ ഉയർച്ചകളും......
നീണ്ട വഴികളെല്ലാം
അടുപോൽ ചുരുണ്ട
ഇരുണ്ട വൃത്തങ്ങളും....
എന്നിട്ടും,
എല്ലാമറിഞ്ഞിട്ടും,
പൂ വിതറിയ നടപ്പാതകളിൽ
കാലടിക്കനങ്ങൾ കൊണ്ടുപോലും
നോവിക്കാതെ നടന്നുകൊണ്ടിരിക്കുന്നു.

എന്റെ പനിനീർപൂവിന്റെ
ഇതൾവിടർത്തുന്ന നേരമ്പോക്കിൽ
തട്ടിവീണ് ചോര പൊടിയരുത്.
കാല്പനികതയാൽ കണ്ണെഴുതാറില്ല ഞാൻ
ചിറകരിഞ്ഞ യുഗത്തിന്റെ
ചതഞ്ഞ തുവലുകൾക്കിനി
ഇക്കിളിപ്പെടുത്താനാവാത്തതിനാൽ,
നാളെകളുടെ വേരോട്ടത്തിന്
ഇന്നുകളിൽ വെള്ളം കോരുന്ന
തികഞ്ഞ പ്രായോഗികവാദിയായി
ആൾമറ തീർക്കുന്നു.

അങ്ങനെയൊക്കെയെങ്കിലും.......
ഹൃദയത്തിന് ചിതലരിച്ചെന്ന് പറയരുത്!
എന്നോ വഴുതിവീണ നിലാത്തുണ്ട്
അരികുതീർത്ത് പുകഞ്ഞമരുന്നുണ്ടീ
ഓർമത്താളുകളിൽ.......
കണ്ണുനീറ്റാതെ,
പ്രാണശ്വാസമൂറ്റാതെ,
പുകഞ്ഞോളൂ.........
ആളാൻ മറന്നുപോയ
ജന്മങ്ങൾ ഇനിയും ബാക്കി.

സൂര്യന്റെ ചൂടും,മഴയുടെ കുളിരും,
മാമ്പൂവിന്റെ ഗന്ധവും പോലെ
പകരാനാകാതെ പോയ
തികവുള്ളതെല്ലാം
കടമായെണ്ണൂ......
എടുക്കാനാവാത്തതും.

ഡീന ജോൺ കെ

# ചുവടുകൾ

സമ്പാ : സെബിൻ ഫ്രാൻസീസ്

അമ്മയുടെ വയറ്റിൽ തുടങ്ങിയ 'കേളികൊട്ട്',
'പുറപ്പാട്' 'കഴിഞ്ഞ്' 'ധനാശി'യിലെത്തുവോളം

## ചുവടുകൾ പിഴയ്ക്കരുത്.........

ആദിതാളം-
കാക്കക്കണ്ണിലെ 'തട്ടടവ്'കൾ ഇരുട്ടുതുരന്നും
ഇരകോർത്തും 'ശൃംഗാര'മാടാം
കൊഴുത്ത'നവരസ'മണികളെ
ഉറച്ച'ജതി'കൾ മെതിച്ചുമാറ്റാം
ചണ്ടിയായാലും 'മുദ്ര'കൾ പിഴയ്ക്കരുതെന്ന
പുതുപാഠ'താണ്ഡവ'ങ്ങൾ ഒരമ്മത്താഴം
പറഞ്ഞുതരില്ല കുഞ്ഞേ.........
പിഴയ്ക്കുവോളവും......
മധ്യതാളം-
കുറുക്കനെ കൂട്ടിനകത്തേക്കു 'ചൂണ്ടുന്ന'
കളിയറിയില്ലെന്ന 'നാട്യ'മരുത്:
കരുണയല്ല;'രൗദ്ര'മാണരങ്ങുതകർക്കുക
ജീവിത'ലാസ്യ'മാടിയവരെല്ലാം,
പാതാളപ്പെരുവഴിയിലെ മൺപുറ്റിൽ
അശാന്തരായി കണ്ണുരുട്ടിയിരിപ്പുണ്ട്.
'ഏകലോചനമന്ത്രം'പഠിച്ച് ഇരുതോണിയിൽ
കാൽവയ്ക്കാമെന്ന ഞൊടിവിദ്യയിലും
പിഴ........അരുത് !
പിഴച്ചാൽ (ദ്രുതതാളം)
കറുത്തചിറകു കെട്ടിത്തൂക്കി
പേടിപ്പിക്കുന്ന വിരട്ടലടവാൽ
ചെത്തിത്തൂക്കി പയറ്റാം...
മീ......ട്ടൂ.........
അന്ത്യതാളം-

കഥയറിഞ്ഞാട്ടംകണ്ട് കണ്ണടയ്ക്കുന്നവരിൽ
ഒരു മനഞ്ഞീൽ മറയുണ്ട്:പൊക്കേണ്ടതു
പൊക്കി നീതി പുലർത്തുമവർ
അപ്പോഴും നിങ്ങൾ പറയും;
ഈ പിഴവുകളൊന്നും പിഴകളല്ലെന്ന്,
ഇതെന്റെ തലയല്ലെന്ന്....
ഇതെന്റെ വാല്യമല്ലെന്ന്....
ഇത്....ഞാനേയല്ലെന്ന്

(അടിവേരു കരിഞ്ഞ അന്ത്യതാളത്തിലെങ്കിലും എങ്ങനേലും 'ഒന്നു പെഴച്ച്'പോയാൽ മത്യാരുന്നു)

- ഡീന ജോൺ കെ-